# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാചോദ്യം നം. 2265

08.07..2015 – ൽ മറുപടിയ്ക്ക്

## പത്തനംതിട്ട ജില്ലാ ആയുർവേദ ആശുപത്രിയിലെ അപര്യാപ്തതകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.രാജു എബ്രഹാം | ശ്രീ.വി.എസ്.ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |

(എ) പത്തനംതിട്ട ജില്ലാ ആയുർവേദ ആശുപത്രിയിൽ നിലവിൽ അനുവദിച്ചിട്ടുള്ള തസ്തികകൾ ഏതൊക്കെ ; അവയുടെ ഓരോന്നിന്റെയും എണ്ണം എത്ര; വ്യക്തമാക്കാമോ ; അനുവദിക്കപ്പെട്ടിട്ടുള്ള എല്ലാ തസ്തികകളിലും നിലവിൽ ജീവനക്കാരുണ്ടോ; ഏതൊക്കെ തസ്തികകളാണ് ഒഴിഞ്ഞു കിടക്കുന്നത് ; ജില്ലാ ആയുർവേദ ആശുപത്രിയുടെ സ്റ്റാഫ് പാറ്റേൺ എന്താണെന്ന് വ്യക്തമാക്കാമോ ;

(എ) പത്തനംതിട്ട ജില്ലാ ആയുർവേദ ആശുപത്രിയിൽ നിലവിൽ താഴെപ്പറയുന്ന 31 തസ്തികകൾ അനുവദിച്ചിട്ടുണ്ട്.

| | |
|---|---|
| ചീഫ് മെഡിക്കൽ ഓഫീസർ | - 1 |
| മെഡിക്കൽ ഓഫീസർ | - 1 |
| മെഡിക്കൽ ഓഫീസർ (ജനറൽ) | - 4 |
| നേഴ്സ് | - 8 |
| ഫാർമസിസ്റ്റ് | - 2 |
| സീനിയർ ക്ലാർക്ക് | - 1 |
| ടൈപ്പിസ്റ്റ് കം ക്ലാർക്ക് | - 1 |
| ലാബ് ടെക്നീഷ്യൻ | - 1 |
| അറ്റൻഡർ / ഫാർമസിസ്റ്റ് | - 1 |
| അറ്റൻഡർ (മർമ്മ) | - 1 |
| നേഴ്സിംഗ് അസിസ്റ്റന്റ് | - 6 |
| ഫുൾടൈം സ്വീപ്പർ | - 1 |
| സാനിട്ടേഷൻ വർക്കർ | - 2 |
| കുക്ക് | - 1 |

അനുവദിക്കപ്പെട്ട എല്ലാ തസ്തികകളിലും നിലവിൽ ജീവനക്കാരില്ല. ഒഴിവുള്ള തസ്തികകളുടെ വിവരം ചുവടെ ചേർക്കുന്നു.

ലാബ് ടെക്നീഷ്യൻ -1
നേഴ്സിംഗ് അസിസ്റ്റന്റ്-1

സാനിട്ടേഷൻ വർക്കർ- 2
100 കിടക്കകളോടുകൂടിയ ജില്ലാ ആയുർവേദ ആശുപത്രിയ്ക്ക് സ്റ്റാഫ് പാറ്റേൺ നിർണ്ണയിക്കുന്നതിനുള്ള ശുപാർശ സർക്കാർ പരിഗണനയിലാണ്.

(ബി) ഇവിടെ എത്ര പേർക്കുള്ള കിടത്തി ചികിത്സാ സൗകര്യമാണുള്ളത് ; ഇത്രയും പേരെ ചികിത്സിക്കാനാവശ്യമായത്ര ജീവനക്കാർ ഇവിടെയുണ്ടോ ;

(ബി) ടി ആശുപത്രിയിൽ 100 രോഗികളെ കിടത്തി ചികിത്സിയ്ക്കാനുള്ള സൗകര്യം ഉണ്ടെങ്കിലും 50 രോഗികൾക്കുള്ള സ്റ്റാഫ് മാത്രമേ നിലവിലുള്ളൂ.

(സി) ആശുപത്രിയിൽ ലിഫ്റ്റോ, റാമ്പോ ഇല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതുമൂലം ഇവിടെ എത്തുന്ന രോഗികളും കൂട്ടിരിപ്പുകാരും ജീവനക്കാരും ഏറെ ബുദ്ധിമുട്ടുന്ന സാഹചര്യത്തിൽ ലിഫ്റ്റും, റാമ്പും സ്ഥാപിക്കുന്നതിന് എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ ;

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ലിഫ്റ്റ് സ്ഥാപിച്ചു നൽകേണ്ടത് ജില്ലാ പഞ്ചായത്താണ്. ഇത് സംബന്ധിച്ച് 25,50,000/- രൂപയുടെ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ട്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ലിഫ്റ്റ് സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(ഡി) ജീവനക്കാരുടെ കുറവ് പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ; വ്യക്തമാക്കാമോ ?

(ഡി) ആശുപത്രി മാനേജ്മെന്റ് കമ്മറ്റിയുടെ ഫണ്ടിൽ നിന്ന് തുക എടുത്ത് അത്യാവശ്യം ആവശ്യമായ തസ്തികകളിൽ ദിവസ വേതനക്കാരെ ജോലിക്ക് നിയോഗിച്ചിട്ടുണ്ട്. അധിക തസ്തിക അനുവദിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ